ഭരണഭാഷ – മാതൃഭാഷ

നമ്പർ : OSL/ 40976/2017/DSL.

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി : 28 - 12-2017.

# സർക്കുലർ

വിഷയം:- കേരള സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്- ഒ.എസ്.എൽ വിഭാഗം - സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ അവസാന നാലക്കങ്ങൾ ഒരേ രീതിയിൽ വരത്തക്ക വിധത്തിൽ ക്രമീകരിച്ച് ടിക്കറ്റ് വാങ്ങുന്നതിൽ ആസക്തി വളർത്തുന്നത് തടയുന്നതിനും, മറ്റ് അനഭിലഷണീയമായ പ്രവണതകൾ ഒഴിവാക്കുന്നതിനും സ്വീകരിക്കേണ്ട നടപടികൾ - സംബന്ധിച്ച്.

സൂചന:- 1) ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28/12/17 ൽ കൂടിയ യോഗത്തിലെ തീരുമാനം

2) തൈക്കാട് ഗവ.ഗസ്റ്റ്ഹൗസിലെ മിനി കോൺഫറൻസ് ഹാളിൽ 5/12/17 ന് നടന്ന ലോട്ടറി ട്രേഡ് യൂണിയൻ പ്രതിനിധികളുടെ യോഗത്തിന്റെ മിനിട്ട്സ്

സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ അവസാന നാലക്കങ്ങൾ ഒരേ രീതിയിൽ വരത്തക്ക വിധത്തിൽ ക്രമീകരിച്ച് ഒരുമിച്ച് വിൽപ്പന നടത്തുന്ന പ്രവണത സംസ്ഥാനത്തിനകത്ത് വർദ്ധിച്ചു വരുന്നതായി സൂചന (2) പ്രകാരമുള്ള യോഗത്തിൽ വിവിധ സംഘടനാ പ്രതിനിധികൾ പരാതി ഉന്നയിച്ചിരുന്നു. പൊതുജനങ്ങൾക്ക് ടിക്കറ്റുകൾ ഒരുമിച്ച് വാങ്ങുന്നതിനുള്ള ആസക്തി വളർത്തുക, വകുപ്പിലെ രജിസ്റ്റേർഡ് ഏജന്റുമാരല്ലാത്തവർ ഏജന്റുമാരിൽ നിന്നും ടിക്കറ്റുകൾ വാങ്ങി മേൽപ്പറഞ്ഞ രീതിയിൽ വിൽപ്പന നടത്തുന്നതു വഴി ബിനാമി ടിക്കറ്റ് വിൽപ്പന പ്രോത്സാഹിപ്പിക്കുക, ഇപ്രകാരം ക്രമപ്പെടുത്തിയിരിക്കുന്ന ടിക്കറ്റുകൾ ഒരുമിച്ച് വാങ്ങുന്നത് വഴി 5000 രൂപ വരെയുള്ള ചെറുകിട സമ്മാനങ്ങൾ കൂടുതൽ പേർക്ക് ലഭ്യമാകാതെ കേന്ദ്രീകൃതമാവുക, ആലംബഹീനരായ ഭൂരിഭാഗം ചെറുകിട ലോട്ടറി ഏജന്റുമാരുടെയും/വിൽപ്പനക്കാരുടെയും ജീവനോപാധി നഷ്ടമാവുക എന്നീ ആശാസ്യകരമല്ലാത്ത അവസ്ഥകൾ ഇത് മൂലം സംജാതമാവുകയും ആയത് വകുപ്പിന്റെ ജനസ്വീകാര്യതയ്ക്കും, സുതാര്യതയ്ക്കും കളങ്കമായേക്കാവുന്നതുമാണ്. ലോട്ടറി നിയമപ്രകാരം ടിക്കറ്റ് വാങ്ങുന്നതിലെ ആസക്തി കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിന് അധികാരമുണ്ട്. കൂടാതെ സൂചന (1) പ്രകാരം മേൽനടപടികൾക്കായി സംസ്ഥാന ലോട്ടറി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ഒരു ചെറുവിഭാഗം ഏജന്റുമാരാലും, വിൽപ്പനക്കാരാലും നടത്തുന്ന ഇത്തരം അനഭിലഷണീയ പ്രവർത്തികൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. മേൽ പരാമർശിച്ചതു പോലെ ടിക്കറ്റുകൾ അവസാന നാലക്കങ്ങൾ ഒരേ രീതിയിൽ വരത്തക്ക വിധത്തിൽ ക്രമീകരിച്ച് ഒരുമിച്ച് വിൽപ്പന നടത്തുക,

ആയതുമായി ബന്ധപ്പെട്ട പരസ്യങ്ങൾ നൽകുക, ഇപ്രകാരം ടിക്കറ്റുകൾ ലഭ്യമാകും എന്ന് കാണിച്ച് സ്ഥാപനങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുക, മറ്റ് രീതികളിലൂടെ പരസ്യം നൽകുക, ടിക്കറ്റുകൾ സമ്മാന പദ്ധതികളുമായി ബന്ധിപ്പിച്ച് വിപണനം നടത്തുക എന്നീ പ്രവർത്തികളിൽ നിന്നും ഏജന്റുമാരും, വിൽപ്പനക്കാരും സ്വയമേവ പിൻമാറുവാനുള്ള നിർദ്ദേശം നൽകേണ്ടതാണ്.

2. നിർദ്ദേശം നൽകിയതിന് ശേഷവും ഇത്തരത്തിൽ വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഈ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ

എല്ലാ ജില്ലാ/സബ് ഭാഗ്യക്കുറി ഓഫീസർമാർ

പകർപ്പ്:- സ്റ്റോക്ക് ഫയൽ

dt